ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഒരുദിവസത്തെ വരുമാനം

1272. (1738) ശ്രീ. എ. കെ. പത്മനാഭൻ :
ശ്രീമതി പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഒരു ദിവസത്തെ വരുമാനം എത്രയാണ് ;

(ബി) ഒരു കിലോമീറ്ററിന് ഇപ്പോൾ എത്ര രൂപ ലഭിക്കുന്നുണ്ട് ;

(സി) ഇപ്പോൾ ട്രാൻസ്പോർട്ട് കോർപ്പറേഷൻ നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(ഡി) നഷ്ടത്തിലാണെങ്കിൽ എത്ര ?

ഉത്തരം

(എ) ഉദ്ദേശം 28 ലക്ഷം രൂപ.

(ബി) 4 രൂപ 20 പൈസ.

(സി) നഷ്ടത്തിൽ.

(ഡി) 1984-85 വർഷം 12.66 കോടി രൂപ (പ്രൊവിഷണൽ).

ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകളിലെ എയർഹോൺ

1273. [1739] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകളിൽ എയർഹോൺ ഫിറ്റ് ചെയ്തിട്ടുണ്ടോ ;

(ബി) എയർഹോൺ നിരോധിക്കപ്പെട്ടിട്ടുള്ളിടത്ത് അത് ലംഘിച്ചതിന്റെ പേരിൽ വല്ല കേസുകളും ചാർജ്ജ് ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര കേസുകളെന്ന് പറയാമോ ;

(ഡി) ഇതിന്റെ പേരിൽ ശിക്ഷാനടപടികളും വല്ലതും ഉണ്ടായിട്ടുണ്ടോ

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ഇത്തരത്തിലുള്ള കേസുകളും ചാർജ്ജ് ചെയ്തതായി വിവരം ലഭിച്ചിട്ടില്ല.

(സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

റോഡുകളിൽ കുഴി വീണതുമൂലം ട്രാൻസ്പോർട്ട് ബസ്സുകൾക്കുണ്ടായ തകരാറുകൾ

1274. [1740] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിവൃഷ്ടിയും വെള്ളപ്പൊക്കവും കാരണം റോഡുകളിൽ കുഴികൾ വീണ് വാഹനസഞ്ചാരം ക്ലേശകരമായതിന്റെ ഫലമായി ട്രാൻസ്പോർട്ട് ബസ്സുകൾക്ക് തകരാറുകൾ സംഭവിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അപ്രകാരം സംഭവിച്ചതിന്റെ നഷ്ടം പ്രത്യേകം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) നഷ്ടം കണക്കാക്കി വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

കോട്ടയ്ക്കലിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്ററുടെ ആഫീസ്

1275. [1741] ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്ററുടെ ആഫീസ് തുറക്കുന്നതിന് സർക്കാരിൽ വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സ്റ്റേഷൻമാസ്റ്ററെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

ഉത്തരം

(എ) ഉണ്ട്

(ബി) നിവേദനം പരിശോധിക്കുകയും കോട്ടയ്ക്കലിൽ സ്റ്റേഷൻ മാസ്റ്ററുടെ ആഫീസ് തൽക്കാലം സ്ഥാപിക്കേണ്ട ആവശ്യമില്ലെന്ന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

കോർപ്പറേഷൻ ബസ്സുകൾ മുട്ടി മരണമടഞ്ഞവർ

1276. [1742] ശ്രീ. കെ.ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ മുട്ടി എത്രപേർ 1984-85 സാമ്പത്തികവർഷത്തിൽ മരണമടഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനു കോർപ്പറേഷൻ വല്ല നഷ്ടപരിഹാരവും നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര കേസുകളിൽ നഷ്ടപരിഹാരം നൽകി ;

(ഡി) നഷ്ടപരിഹാരം നൽകിയില്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) ഇക്കാര്യത്തിലുള്ള നിയമവ്യവസ്ഥകൾ എന്താണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 121 പേർ മരണമടഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്

(സി) അപകടത്തിൽപ്പെട്ട് പരിക്കുപറ്റിയവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി 372 കേസുകളിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly